## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2461 — 05.11.2019- ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം വഴി കൈത്തറി മേഖലയിലെ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി പ്രകാരം കൈത്തറി മേഖലയിൽ എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി മൂന്ന് വർഷം പിന്നിട്ടപ്പോൾ 5000-ൽ അധികം നെയ്ത്തു തൊഴിലാളികൾക്കും അത്രത്തോളം അനുബന്ധ തൊഴിലാളികൾക്കുമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി കൈത്തറി സ്കൂൾ യൂണിഫോമിനായി 98 ലക്ഷത്തോളം മീറ്റർ തുണി ഉല്പാദിപ്പിച്ചതിൽ 16.33 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. കൂടാതെ തുണി നെയ്ത്തു സംഘങ്ങളിൽ നിന്നും ശേഖരിച്ച്, അവ ഡൈ ചെയ്ത് സ്കൂൾ അടിസ്ഥാനത്തിൽ തുണി മുറിച്ച് പായ്ക്കാക്കി അതത് എ.ഇ.ഒ ഓഫീസുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളിലൂമായി ഹാൻവീവ്, ഹാന്റെക്സ് സ്ഥാപനങ്ങളുടെ കീഴിൽ 2.50 ലക്ഷം തൊഴിൽ ദിനങ്ങളും കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും ഇവയ്ക്ക് ആവശ്യമായ നൂൽ ഉല്പാദിപ്പിച്ച് നൽകിയതിൽ 0.75 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി മൂലം തൊഴിലാളികൾക്ക് സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) കൈത്തറി യൂണിഫോം മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) ഇക്കാര്യത്തിൽ പുതിയ പദ്ധതി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ